പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1394 13/06/2014-ൽ മറുപടിക്ക്

നാടകക്കളരിക്കാരുടെ ചടങ്ങുകളിൽ പ്രതിപക്ഷ എം.എൽ.എ മാരെ പങ്കെടുപ്പിച്ചിട്ടില്ലായെന്ന പരാതി

ചോദ്യം

ശ്രീ. വി. ശിവൻകുട്ടി :

ഉത്തരം

ശ്രീ. കെ.സി. ജോസഫ്

(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| | വൈലോപ്പിള്ളി സംസ്കൃതി ഭവൻ 2014 മെയ് 28 മുതൽ 30 വരെ സംഘടിപ്പിച്ച നാടകക്കളരിയുടെ ഉദ്ഘാടനത്തിന്റെയും സമാപനത്തിന്റെയും ചടങ്ങുകളിൽ ഒരു പ്രതിപക്ഷ എം.എൽ.എ..യെപ്പോലും പങ്കെടുപ്പിക്കാതിരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ? | | 2014 മേയ് 28, 29, 30 തീയതികളിൽ വൈലോപ്പിള്ളി സംസ്കൃതി ഭവൻ സംഘടിപ്പിച്ചിരുന്ന നാടകക്കളരിയുടെ ഉദ്ഘാടന സമ്മേളനത്തിൽ സ്ഥലം എം.എൽ.എ. ആയതിനാൽ ശ്രീ. കെ. മുരളീധരനെ അധ്യക്ഷനായും ബഹു. സാംസ്കാരിക കാര്യ വകുപ്പ് മന്ത്രി ശ്രീ. കെ.സി. ജോസഫിനെ ഉദ്ഘാടകനായും ക്ഷണിച്ചിരുന്നു. സമാപന സമ്മേളനത്തിൽ വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ ഭരണസമിതി അംഗമായതിനാൽ അധ്യക്ഷനായി ശ്രീ. പാലോട് രവി എം.എൽ.എ യേയും ഉദ്ഘാടകനായി തിരുവനന്തപുരത്തെ ബഹു. മന്ത്രി ശ്രീ. വി.എസ്. ശിവകുമാറിനെയും ആശംസ പ്രസംഗത്തിന് ശ്രീ. എ.റ്റി ജോർജ്ജ് എം.എൽ.എ. യേയും ക്ഷണിച്ചിരുന്നു. സമ്മേളനങ്ങൾക്കുശേഷം കൃത്യം 6.30 മണിക്കുതന്നെ നാടകാവതരണം ആരംഭിക്കേണ്ടതായിട്ടുള്ളതിനാൽ ആശംസാ പ്രാസംഗികരുടെ എണ്ണം പരിമിതപ്പെടുത്തിയിരുന്നു. അതിനാലാണ് പ്രതിപക്ഷ എം.എൽ.എ മാരെ ക്ഷണിക്കാൻ കഴിയാത്തത്. ബോധപൂർവ്വം ഒഴിവാക്കിയതല്ല |

സെക്ഷൻ ഓഫീസർ